## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190** **08/03/2018-ൽ മറുപടിയ്ക്ക്**

### കേരള ബാങ്കിന്റെ രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ. അനിൽ അക്കര**<br>**ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്കിന്റെ രൂപീകരണം സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് എത്രമാത്രം സഹായകമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ; | (എ) | കേരള ബാങ്ക് എന്ന ആശയം വായ്പാ മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും, കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലും പുത്തനുണർവ്വ് സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം മുഖേന ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യപ്പെടുന്നത് മുഖേന ഹ്രസ്വകാല വായ്പാ മേഖലയിൽ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് സാഹചര്യം ഒരുക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഒരു നവഉണർവ്വ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക മേഖല, പരമ്പരാഗത തൊഴിൽ മേഖല, സ്വയം തൊഴിൽ മേഖല എന്നിവയുടെ വികസനത്തിന് കാരണമാകും. സംസ്ഥാനത്ത് ധന നിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടു വരുന്നതിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കേരള സഹകരണ ബാങ്കിന് മറികടക്കാനാകും. ലയനം മുഖേന നിർദ്ദിഷ്ട ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഇതര സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും ആയതിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ നൽകുവാനും കഴിയും. മറ്റു വാണിജ്യ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി സഹകരണ മേഖലയിലുള്ള ഈ ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപം വായ്പയായി കേരളത്തിൽ തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നതിനാൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമാകും. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് |

<table>
<tr><td></td><td></td><td></td><td>രൂപീകരിക്കുന്നതിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കഴിയുന്നതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് സ്വന്തം നിലയിൽ നൽകാൻ കഴിയാത്ത സേവനം നിർദ്ദിഷ്ട ഏകീകൃത ബാങ്ക് മുഖേന നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.</td></tr>
<tr><td>(ബി)</td><td>നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും, ജില്ലാ സഹകരണ ബാങ്കുകളുടെയും, നോൺ പെർഫോമിംഗ് അസറ്റ് എത്ര ശതമാനം വീതമാണ്;</td><td>(ബി)</td><td>31.03.2017 ലെ കണക്കനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും എൻ.പി.എ ശതമാനം ചുവടെ ചേർക്കുന്നു.
<table>
<tr><th>ബാങ്കിന്റെ പേര്</th><th>നെറ്റ് എൻ.പി.എ. ശതമാനം</th></tr>
<tr><td>സംസ്ഥാന സഹകരണ ബാങ്ക്</td><td>2.52</td></tr>
<tr><td>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്</td><td>16.36</td></tr>
<tr><td>കൊല്ലം ജില്ലാ സഹകരണ ബാങ്ക്</td><td>6.97</td></tr>
<tr><td>പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്</td><td>5.78</td></tr>
<tr><td>ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്</td><td>3.86</td></tr>
<tr><td>കോട്ടയം ജില്ലാ സഹകരണ ബാങ്ക്</td><td>4</td></tr>
<tr><td>ഇടുക്കി ജില്ലാ സഹകരണ ബാങ്ക്</td><td>4.24</td></tr>
<tr><td>എറണാകുളം ജില്ലാ സഹകരണ ബാങ്ക്</td><td>4.99</td></tr>
<tr><td>തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക്</td><td>8.1</td></tr>
<tr><td>പാലക്കാട് ജില്ലാ സഹകരണ ബാങ്ക്</td><td>6</td></tr>
<tr><td>മലപ്പുറം ജില്ലാ സഹകരണ ബാങ്ക്</td><td>5.7</td></tr>
<tr><td>കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്</td><td>6.76</td></tr>
<tr><td>വയനാട് ജില്ലാ സഹകരണ ബാങ്ക്</td><td>3.81</td></tr>
<tr><td>കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്</td><td>4.82</td></tr>
<tr><td>കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക്</td><td>5.84</td></tr>
</table></td></tr>
<tr><td>(സി)</td><td>കേരള ബാങ്ക് നിലവിൽ വരുന്നതോടുകൂടി നിലവിലെ വായ്പാ പലിശ നിരക്ക് കുറയ്ക്കുവാൻ സാധിക്കുമോ; ഇതിനുള്ള അടിസ്ഥാന മെന്താണെന്ന് വ്യക്തമാക്കാമോ?</td><td>(സി)</td><td>കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാക്കും. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും, വായ്പക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കുകയും ചെയ്യും.</td></tr>
</table>

സെക്ഷൻ ഓഫീസർ